**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 271** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരള മിഷനിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ സർവ്വീസുമായി ബന്ധപ്പെട്ട ഫയലിൽ (EG1/52/2022-LSGD) എന്തൊക്കെ നടപടികളാണ് മുൻസർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഐ.കെ.എം.ലെ ജീവനക്കാരുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട ഈ ഫയലിൽ ഐ.കെ.എം. സൊസൈറ്റിയുടെ ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് ഐ.കെ.എം. ലഭ്യമാക്കിയ 06/06/2022-ലെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി പരിശോധിക്കുകയും ജീവനക്കാരെ റെഗുലറൈസ് ചെയ്യണമെങ്കിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെന്നും, ഇനി റെഗുലർ തസ്തികകൾ സൃഷ്ടിച്ചാലും *Umadevi vs State of Karnataka* കേസിലെയും അതുമായി ബന്ധപ്പെട്ട തുടർ കേസുകളിലെയും ബഹു. സുപ്രീം കോടതി വിധികളുടെയും 08/07/2022-ലെ 55/2022/ധന നമ്പർ സർക്കുലറിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നത് പരിഗണിക്കുവാൻ കഴിയുകയില്ലെന്നും 03.08.23-ൽ ഐ.കെ.എം.-നെ അറിയിച്ചിരുന്നു. തുടർന്ന് വീണ്ടും ഐ.കെ.എം. ലഭ്യമാക്കിയ പ്രൊപ്പോസലിൽ ധനവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കുകയും സി.എം.ഡി. മുഖേന ഒരു HR പോളിസി രൂപപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ, ഐ.കെ.എം. സ്റ്റാഫ് പാറ്റേണും റെഗുലറൈസേഷനും സംബന്ധിച്ച സി.എം.ഡി.-യുടെ നിർദ്ദേശം ലഭ്യമാക്കുകയും വീണ്ടും ധനവകുപ്പിന്റെ അഭിപ്രായം ആരായുകയുമുണ്ടായി. സ്ഥിരം തസ്തികകൾ ഇല്ലാത്തതിനാലും *Umadevi vs State of Karnataka* കേസിലെയും ഹൈക്കോടതിയുടെ സമീപകാല ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ റെഗുലറൈസേഷൻ സാധ്യമല്ലെന്ന് കാണുന്നു.

**(ബി)** ഇൻഫർമേഷൻ കേരള മിഷനിലെ സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുന്നത് പരിഗണിക്കുമോ;

**<u>മറുപടി:</u>** നിലവിൽ ഇക്കാര്യം സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

**(സി)** ഐ. കെ. എം. ജീവനക്കാരുടെ ശമ്പള പരിഷ്കരണം, സർവ്വീസ് റൂൾസ്, ശമ്പള പരിഷ്കരണ അനോമലി തുടങ്ങിയ വിഷയങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>**മറുപടി:**</u> ഐകെഎം ജീവനക്കാരുടെ ശമ്പള പരിഷ്കരണം 04/03/2026ലെ സ.ഉ.(കൈ) നം.69/2026/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

ശമ്പള പരിഷ്കരണ അനോമലി സംബന്ധിച്ച വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്.

ഐ.കെ.എം. ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി പ്രത്യേക സർവീസ് റൂൾസ് തയ്യാറാക്കാൻ 03/07/2020-ലെ സ.ഉ.(ആർ.ടി.) നം. 1332/2020/ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് സർവീസ് റൂൾസ് ധനവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി പരിശോധിച്ചിരുന്നു. ഐ.കെ.എം.-ലെ ജീവനക്കാരെ റെഗുലറൈസ് ചെയ്യാത്ത സാഹചര്യത്തിൽ സർവീസ് റൂൾസ് സംബന്ധിച്ച വിഷയം പരിഗണിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**